1. അഞ്ചു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി മാൽദീവ്സ് പ്രസിഡന്റ് ഡോ. മൊഹമ്മദ് മൊയ്സു ഡൽഹിയിലെത്തി.

   Maldives President Mohamed Muizzu Arrives in India for Five-Day State Visit.

2. ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പു വോട്ടെണ്ണൽ മറ്റന്നാൾ; വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ.

   Preparations in full swing for counting of votes for Jammu and Kashmir and Haryana assembly elections on Tuesday; Robust security arrangements are being put in place at all counting centers.

3. നിർമിത ബുദ്ധിയിൽ കരുത്താർജിക്കുന്ന രാജ്യങ്ങൾ ആഗോളതലത്തിൽ ശക്തരാകുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   External Affairs Minister Dr. S Jaishankar says, artificial intelligence (AI) is going to be the most profound factor in the global order.

4. ഇന്ത്യൻ വ്യോമസേനയുടെ 92-ാം വാർഷികാഘോഷങ്ങൾക്കു തുടക്കമായി.

**The celebration of the 92nd anniversary of the Indian Air Force begins.**

5. വനിത ട്വന്റി-20 ലോകകപ്പിൽ പാകിസ്ഥാനെതിരെ ഇന്ത്യക്കു ജയം; പുരുഷ ടി-20 പരമ്പരയിൽ ടോസ് നേടിയ ഇന്ത്യ, ബംഗ്ലാദേശിനെ ബാറ്റിങ്ങിനയച്ചു.

**In the Women's T20 Cricket World Cup in Dubai, Indian women defeated Pakistan by 6 wickets; Indian men's team chose to bowl first against Bangladesh in the T20 series.**

****************************************************

**HEADLINE-1**

## MALDIVES PRESIDENT

അഞ്ചു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി മാൽദീവ്സ് പ്രസിഡന്റ് ഡോ. മൊഹമ്മദ് മൊയ്സു ഡൽഹിയിലെത്തി. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവരുമായി നാളെ അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങൾ സംബന്ധിച്ചും മേഖലാതല, അന്താരാഷ്ട്ര വിഷയങ്ങളിലും ചർച്ചകൾ നടക്കും. ബംഗളൂരു, മുംബൈ നഗരങ്ങളും മാൽദീവ്സ് പ്രസിഡന്റ് സന്ദർശിക്കും. മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ഡോ. മൊഹമ്മദ് മൊയ്സു നേരത്തേ ഇന്ത്യ സന്ദർശിച്ചിരുന്നു.

**************************************

**HEADLINE-2**

## J-K COUNTING

ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ മറ്റന്നാൾ. വോട്ടെണ്ണലിനു മുന്നോടിയായി എല്ലാ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ശക്തമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി. ജമ്മു കശ്മീരിൽ സെപ്റ്റംബർ 18, 25 ഒക്ടോബർ ഒന്ന് തീയതികളിൽ മൂന്നു ഘട്ടങ്ങളിലായി നടന്ന തെരഞ്ഞെടുപ്പിൽ 63.88 ആയിരുന്നു വോട്ടിങ് ശതമാനം. റൗണ്ട് തിരിച്ചുള്ള വോട്ടെണ്ണലിനായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ക്രമീകരിക്കുന്നതുൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 90 സീറ്റാണ് ജമ്മു കശ്മീർ നിയമസഭയിലുള്ളത്.

**********************************

## REV. HARYANA - POLL PERCENTAGE

ഹരിയാനയിൽ ഇന്നലെ നടന്ന വോട്ടെടുപ്പിൽ ഏകദേശം 67 ശതമാനം പോളിങ് രേഖപ്പെടുത്തി. 90 അംഗ സംസ്ഥാന നിയമസഭയിലേക്കുള്ള ഒറ്റഘട്ട വോട്ടെടുപ്പ് ഏറെക്കുറെ സമാധാനപരമായിരുന്നു.

**********************************

## HARYANA-EVMs

ഹരിയാനയിൽ തിരഞ്ഞെടുപ്പിനുശേഷം ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങൾ വിവിധ ജില്ലകളിലെ സ്ട്രോങ് റൂമിലേക്ക് മാറ്റി. റിട്ടേണിങ് ഓഫീസർ, സ്ഥാനാർഥികൾ, നിരീക്ഷകർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ വോട്ടെണ്ണൽ ദിവസമായ ചൊവ്വാഴ്ച സ്ട്രോങ് റൂം തുറക്കും. സിസിടിവി ഉൾപ്പെടെ ത്രിതല സുരക്ഷാ സംവിധാനങ്ങളിലാണ് ഇ വി എമ്മുകൾ സൂക്ഷിച്ചിരിക്കുന്നത്.

**********************************

**HEADLINE-3**

## JAISHANKAR - KAUTILYA

നിർമിത ബുദ്ധി ആഗോളക്രമത്തിലെ ഏറ്റവും സുപ്രധാന ഘടകമാകുകയാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. നിർമിത ബുദ്ധിയിൽ കരുത്താർജിക്കുന്ന രാജ്യങ്ങൾ ആഗോളതലത്തിൽ ശക്തരാകുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ മൂന്നാമത് കൗടില്യ സാമ്പത്തിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ഥാപനവൽക്കരിക്കപ്പെട്ട സഹകരണത്തിന്റെ എല്ലാ പരമ്പരാഗത മാതൃകകളെയും ക്വാഡ് നിരാകരിക്കുന്നുവെന്നും അതിനാൽത്തന്നെ വളരെ നൂതനമാണ് ഈ കൂട്ടായ്മയെന്നും അദ്ദേഹം പറഞ്ഞു. ആഗോള തലത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയും ദക്ഷിണേഷ്യൻ സമ്പദ്‌വ്യവസ്ഥയും അഭിമുഖീകരിക്കുന്ന സുപ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ലക്ഷ്യമിട്ട് ചേരുന്ന കൗടില്യ സാമ്പത്തിക സമ്മേളനത്തിൽ 150-ഓളം ദേശീയ അന്തർദേശീയ അക്കാദമിക- നയ രൂപീകരണ വിദഗ്ധർ പങ്കെടുക്കുന്നു.

**************************************

## ISRAEL- GASA (INTRO)

ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിന്റെ തെക്കൻ പ്രാന്തപ്രദേശങ്ങളിൽ ഇന്നലെ നടത്തിയ ശക്തമായ വ്യോമാക്രമണത്തിനു പുറമെ ഗാസയിൽ, ദേർ അൽ-ബാലയിലെ പള്ളിയിലും ഇസ്രായേൽ സൈന്യം ബോംബാക്രമണം നടത്തി. ആക്രമണത്തിൽ 21 ഓളം പാലസ്റ്റൈൻകാർ കൊല്ലപ്പെടുകയും ഒട്ടേറെ പേർക്കു പരിക്കേൽക്കുകയും ചെയ്തതായി പ്രസാർ ഭാരതി ലേഖകൻ വിനോദ് കുമാർ റിപ്പോർട്ടു ചെയ്യുന്നു.

(വോയിസ്)

*********************************

## REV AMIT SHAH-MEETING

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ നാളെ നക്സൽ ബാധിത സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്യും. ന്യൂഡൽഹിയിൽ നടക്കുന്ന യോഗത്തിൽ ആന്ധ്രാപ്രദേശ്, ബിഹാർ, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, തെലങ്കാന, ഒഡിഷ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പങ്കെടുക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ പ്രതിനിധിയും കേന്ദ്ര സായുധ പൊലീസ് സേനയുടെയും വിവിധ കേന്ദ്ര-സംസ്ഥാന വകുപ്പുകളിലെയും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും.

*********************************

### HEADLINE-4

## IAF -AIRSHOW

ഇന്ത്യൻ വ്യോമസേനയുടെ 92-ാം വാർഷികാഘോഷങ്ങൾക്ക് തുടക്കമായി. 72 യുദ്ധവിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും ഗംഭീര പ്രദർശനത്തോടെയാണ് ചെന്നൈയിൽ ആഘോഷപരിപാടികൾ ആരംഭിച്ചത്. 15 ലക്ഷം കാണികളെ ആകർഷിച്ച് ഈ വർഷം ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടംപിടിക്കാനാണു സേനയുടെ ശ്രമം. തമിഴ്നാട് മുഖ്യമന്ത്രി M K സ്റ്റാലിൻ, ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിൻ, മന്ത്രിമാർ, വ്യോമസേനാ മേധാവി അമർ പ്രീത് സിങ്, പ്രതിരോധ സേനയിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

*********************************

## WORLD CEREBRAL PALSY DAY

ഇന്ന് ലോക സെറിബ്രൽ പാൾസി ദിനം. സെറിബ്രൽ പാൾസി രോഗാവസ്ഥയെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തുന്നതിനും രോഗബാധിതരായ വ്യക്തികളെ അംഗീകരിക്കുന്നതിനും അവരുടെ വ്യക്തിത്വത്തെയും കഴിവുകളെയും ബഹുമാനിക്കുന്ന സമൂഹസൃഷ്ടിക്കായി പ്രവർത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് ദിനാചരണം. ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് രാജ്യത്തുടനീളം വിവിധ പരിപാടികൾ നടന്നു.

**********************************

## NATIONAL FILM AWARDS (INTRO)

70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ചൊവ്വാഴ്ച ന്യൂഡൽഹിയിൽ സമ്മാനിക്കും. മലയാള ചലച്ചിത്രമായ 'ആട്ട'മാണ് മികച്ച ചിത്രത്തിനുള്ള പുരസ്കാരം സ്വന്തമാക്കിയത്. ഇതുൾപ്പെടെ മൂന്ന് പുരസ്കാരങ്ങൾ 'ആട്ടം' നേടി. ആദ്യ സിനിമയ്ക്ക് ലഭിച്ച അംഗീകാരം അണിയറപ്രവർത്തകർക്ക് സമർപ്പിക്കുന്നതായി 'ആട്ട'ത്തിന്റെ സംവിധായകൻ ആനന്ദ് ഏകർഷി ആകാശവാണിയോട് പറഞ്ഞു.

(വോയിസ്)

**********************************

**HEADLINE-5**

## WOMENS WORLD CUP

ട്വന്റി- 20 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യക്ക് ജയം. പാകിസ്ഥാനെ 6 വിക്കറ്റിനാണ് ഇന്ത്യ തോൽപ്പിച്ചത്. ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ നിശ്ചിത 20 ഓവറിൽ എട്ടിന് 105 റൺസെടുത്തു. ഇന്ത്യ 18.5 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യത്തിലെത്തി. ഇന്ത്യക്കായി മലയാളി താരം ആശ ശോഭന ഒരു വിക്കറ്റെടുത്തു.

**********************************

HEADLINE-5a

## INDIA-BANGLADESH T20

ഇന്ത്യ- ബംഗ്ലാദേശ് പുരുഷ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിനു ഗ്വാളിയറിൽ തുടക്കമായി. ടോസ് നേടിയ ഇന്ത്യ, ബംഗ്ലാദേശിനെ ബാറ്റിങ്ങിനയച്ചു. മലയാളിതാരം സഞ്ജു സാംസൺ ഇന്നു കളിക്കുന്നുണ്ട്.

**********************************

## HOCKEY TEAM - JOHOR CUP

12-ാമത് സുൽത്താൻ ഓഫ് ജോഹർ കപ്പിനുള്ള 18 അംഗ ജൂനിയർ പുരുഷ ഹോക്കി ടീമിനെ ഇന്ത്യ പ്രഖ്യാപിച്ചു. മലേഷ്യയിൽ നടക്കുന്ന മത്സരങ്ങളിൽ ഇന്ത്യൻ ഹോക്കി ടീം പരിശീലകനായി മലയാളി താരം പി ആർ ശ്രീജേഷ് ചുമതലയേൽക്കും. അമീർ അലിയാണ് ക്യാപ്റ്റൻ. ഈ മാസം 19ന് ജപ്പാനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. 20ന് ബ്രിട്ടനെയും 22ന് മലേഷ്യയെയും ഇന്ത്യ നേരിടും. ഈ മാസം 26 നാണ് ഫൈനൽ.

**********************************

## SURESH GOPI

കോഴിക്കോട് വിമാനത്താവളത്തിന് കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിൽ സുപ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കാലിക്കറ്റ് ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസന കാര്യത്തിൽ രാഷ്ട്രീയത്തിന് അതീതമായ ഒരുമയുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

**********************************

## PSC-RELEASE

PSC ചോദ്യപേപ്പർ തലേ ദിവസം വെബ്സൈറ്റിൽ വന്നതായുള്ള വാർത്ത വസ്തുതാവിരുദ്ധമെന്ന് കേരള PSC. ഒക്ടോബർ 5 ന് നടന്ന പരീക്ഷയുടെ ചോദ്യപേപ്പറും താൽക്കാലിക ഉത്തരസൂചികകയും പരീക്ഷാ നടപടികൾ പൂർത്തികരിച്ചതിനു ശേഷമാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. വസ്തുതകൾ അന്വേഷിക്കാതെ വാർത്ത നൽകിയത് ഗൗരവമായാണ് കമ്മീഷൻ കാണുന്നതെന്നും PSC വ്യക്തമാക്കി.

**********************************

## VAYALAR AWARD

നാൽപ്പത്തിയെട്ടാമത് വയലാർ അവാർഡ് പ്രഖ്യാപിച്ചു. ശ്രീ അശോകൻ ചരുവിലിന് 'കാട്ടൂർ കടവ്' എന്ന പുസ്തകത്തിനാണ് പുരസ്കാരം.

**********************************

## RAIN KERALA

കേരളത്തിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതാ നിർദേശവും പത്തനംതിട്ട, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഒക്ടോബർ 9 വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കുണ്ട്.

**********************************

## SL EASTER ATTACK

2019 ലെ ഈസ്റ്റർ ദിന ആക്രമണത്തെക്കുറിച്ചുള്ള അന്വേഷണം വേഗത്തിലാക്കുമെന്ന് ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെ. ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളുമായി ആശയവിനിമയം നടത്തുകയായിരുന്നു അദ്ദേഹം. ശ്രീലങ്കയിൽ ഇനിയൊരിക്കലും ഇത്തരമൊരു ദുരന്തം ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ആക്രമണം നടന്ന പള്ളിയിലെ സ്മാരകത്തിൽ അദ്ദേഹം പുഷ്പാർച്ചന നടത്തി. 2019 ഏപ്രിൽ 21ന് ഈസ്റ്റർ ദിനത്തിൽ നടന്ന ആക്രമണത്തിൽ 274 പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

*

***************

*****************************************************